# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 602** 08.08.2017-ൽ **മറുപടിക്ക്**

## എൽ.ഇ.ഡി. ബൾബുകളുടെ പ്രചാരണം

| | ചോദ്യം<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി :** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സാധാരണ ബൾബുകളുടെ വിൽപ്പന നിരോധിച്ചുകൊണ്ട് എൽ. ഇ.ഡി. ബൾബുകൾ സാർവത്രികമാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (എ)<br>&<br>(ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സാധാരണ ബൾബുകളുടെ വില്പന നിരോധിക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും പരിഗണനയിലില്ല.<br><br>എന്നാൽ എൽ.ഇ.ഡി. ബൾബുകൾ സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ. ഇ. ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ നൽകുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.-മായി ചേർന്ന് 75 ലക്ഷം ഉപഭോക്താക്കൾക്ക് രണ്ട് വീതം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന ഈ പദ്ധതിയിൽ ഇതിനോടകം ഒരു കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | എങ്കിൽ എൽ.ഇ.ഡി. ബൾബുകൾ സബ്സിഡി നിരക്കിൽ എല്ലാവർക്കും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**